LIBRARY ARCHIVES Kerala Legislative Assembly

വാഹന പരിശോധനാകേന്ദ്രങ്ങൾ: വാഹനങ്ങളുടെ കാര്യക്ഷമത പരിശോധിക്കുന്നതിന് എല്ലാ ജില്ലകളിലും കമ്പ്യൂട്ടർവൽകൃത വാഹന പരിശോധനാ കേന്ദ്രം സ്ഥാപിക്കുവാൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. കോഴിക്കോട് ചേവായൂർ, കണ്ണൂർ-എളയാവൂർ, തിരുവനന്തപുരം-പാറശ്ശാല എന്നീ സ്ഥലങ്ങളിൽ കമ്പ്യൂട്ടർവൽകൃത വാഹന പരിശോധനാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മൂവാറ്റുപുഴ-ആരക്കുഴ, തിരുവനന്തപുരം-മുട്ടത്തറ, കോട്ടയം-മോനിപ്പള്ളി എന്നിവിടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) ഇ-പേമെന്റ് നടപ്പാക്കാനായി 2014-ലെ കേരള ഫിനാൻസ് ആക്ട് പ്രകാരം 1976-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ ആക്ടും, 13-3-2015-ലെ ജി.ഒ. (പി) നമ്പർ 15/2015/ഗതാ. നമ്പർ ഉത്തരവ് പ്രകാരം 1975-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ റൂൾസും ഭേദഗതി ചെയ്തിട്ടുണ്ട്. വിവിധ പദ്ധതികൾക്ക് പ്ലാൻഫണ്ട് അനുവദിച്ചിട്ടുണ്ട്. ഭരണാനുമതി നൽകി അവ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ദുരിതാശ്വാസ ധനസഹായ വിതരണം

I(5579) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ, അപകടമരണ ധനസഹായങ്ങൾ വിതരണം ചെയ്യുമ്പോൾ എം.എൽ.എ.-മാരെ ഒഴിവാക്കുന്നതിനായി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) എം.എൽ.എ.-മാർ, എം.പി.മാർ തുടങ്ങിയ ജനപ്രതിനിധികളെ അവഹേളിക്കുന്ന തരത്തിൽ ഇവരെ ഒഴിവാക്കി ധനസഹായങ്ങൾ വിതരണം ചെയ്യുന്നതിനായി നൽകിയിട്ടുള്ള നിർദ്ദേശം പിൻവലിക്കുന്നതിനും, ഇവരെക്കൂടി ഉൾപ്പെടുത്തി ധനസഹായം കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിനുമായി നിർദ്ദേശം നൽകുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്ന ധനസഹായത്തിൽ 50,000 (അമ്പതിനായിരം രൂപ) രൂപയ്ക്ക് മുകളിൽ അനുവദിക്കുന്ന കേസുകളിൽ ധനസഹായം ബന്ധപ്പെട്ട എം.എൽ.എ./എം.പി.-മാർ മുഖാന്തരം വിതരണം ചെയ്താൽ മതിയെന്ന് 28-11-2012-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 6769/2012/ദവ പ്രകാരം ഉത്തരവിട്ടിരുന്നു. ഇപ്രകാരം ജനപ്രതിനിധികളുടെ സൗകര്യം

കണക്കിലെടുത്ത് തുക വിതരണം ചെയ്യുവന്നിരുന്നതിനാൽ അത്യാവശ്യ സന്ദർഭങ്ങളിൽപ്പോലും തുക അനുവദിച്ച മാസങ്ങൾക്കുശേഷം മാത്രമേ അപേക്ഷകന് തുക ലഭ്യമാക്കുവാൻ സാധിക്കുന്നുള്ളൂ. ആയതിനാൽ അപേക്ഷകന് യഥാസമയം പ്രയോജനം ലഭിക്കാത്ത സാഹചര്യം ഉണ്ടാകുന്നുണ്ട്. ഇത് സംബന്ധിച്ച് ധാരാളം ആക്ഷേപങ്ങൾ ലഭിച്ചിട്ടുണ്ട്. ആയതിനാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന ധനസഹായം ഗുണഭോക്താക്കൾക്ക് കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനു വേണ്ടിയാണ് ധനസഹായം ജനപ്രതിനിധികൾ മുഖാന്തിരം വിതരണം ചെയ്യാൽ മതി എന്ന 29-4-2015-ലെ സർക്കാർ ഉത്തരവ് (സാധാ) 2248/15/റവ പ്രകാരം പിൻവലിച്ചത്.

ഐ.എം.ജി.-യുടെ പരിശീലന പരിപാടികൾ

2(5580) ശ്രീ. പാലോട് രവി :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.എം.ജി.യുടെ പരിശീലന പരിപാടികൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഐ.എം.ജി.-യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സംസ്ഥാന പരിശീലന നയത്തിന്റെ ഭാഗമായി 44 സർക്കാർ വകുപ്പിലെ ജീവനക്കാർക്ക് ശാസ്ത്രീയമായ പരിശീലനം കൊടുക്കാനായി 941 പരിശീലന പരിപാടികൾ 2015-16-ൽ നടത്തുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടെ പരിശീലകർക്കുള്ള പരിശീലന പരിപാടി, തെരഞ്ഞെടുക്കപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കുള്ള ഇന്റെൻസീവ് ട്രെയിനിംഗ് പ്രോഗ്രാം എന്നിവയും നടന്നുവരുന്നു.

2. വിവിധ സംസ്ഥാനങ്ങളിലെ പ്രൊമോഷൻവഴി ഐ.എ.എസ്. ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ ഇൻഡക്ഷൻ ട്രെയിനിംഗ് രണ്ടു ബാച്ചുകളിലായി 2015-16-ൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly